"ഭരണഭാഷ - മാതൃഭാഷ"

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള
ടെലഫോൺ നം. : 91 471 2514468, 2514206, 2514587, 2514365
ഫാക്സ് : 0471 2446480, ഇമെയിൽ : dpr@kseb.in
വെബ് സൈറ്റ് : www.kseb.in CIN : U40100KL2011SGC027424

**സംഗ്രഹം**

പബ്ലിക് റിലേഷൻസ് വകുപ്പ് - വൈദ്യുതി അദാലത്ത് പ്രചരണവും ഡോക്യുമെന്റേഷനും - തുക നൽകുന്നത് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോർപ്പറേറ്റ് ഓഫീസ് (പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്)**

**ബോ.ഉ(എഫ്.ടി.ഡി) നം.49/2020(നം. പി.ആർ/എം.സി-2/വൈദ്യുതി അദാലത്ത്/2019-20)**

**തിരുവനന്തപുരം, തീയതി 23/01/2020**

---

പരാമർശം : 1) ബോ.ഉ. (എഫ്.റ്റി.ഡി.) നം.946/2019(D(D&IT)/ജനറൽ-അദാലത്ത് 2020/2019-20) തിരുവനന്തപുരം തീയതി 24.12.2019.

2) 01.01.2020-ന് ചീഫ് പേഴ്സണൽ ഓഫീസർ ഇൻ ചാർജ്ജ് ഓഫ് ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ ഫുൾടൈം ഡയറക്ടർമാർക്ക് സമർപ്പിച്ച കുറിപ്പ്. (അജണ്ട നമ്പർ - 35/1/20).

**ഉത്തരവ്**

വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുമായി മികച്ച സഹകരണം ഉറപ്പുവരുത്തുന്നത് ലക്ഷ്യമാക്കി ബഹു. വൈദ്യുതി മന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും അദാലത്ത് നടത്തുന്നതിനെക്കുറിച്ച് വിവിധ മാധ്യമങ്ങൾവഴി നല്ല പ്രചാരണം നടത്തണമെന്നും അദാലത്ത് കഴിഞ്ഞശേഷം അത് ഡോക്യുമെന്റ് ചെയ്ത് തുടർ പ്രചാരണം നടത്തണമെന്നും ബഹു. മന്ത്രിയുടെ ഓഫീസിൽ നിന്നും നിർദ്ദേശിച്ചിരുന്നു.

ഇപ്പോൾ ദൂരദർശൻ വഴി സംപ്രേഷണം ചെയ്യുന്ന സ്പന്ദനം പരിപാടി ജനുവരി 11-ന് അവസാനിച്ചിരിക്കുകയാണ്. നാളിതുവരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിഷ്വൽ മീഡിയ നിർമ്മിതികളും ചെറു ഡോക്യുമെന്ററികളും ക്വിക്കികളും ഒക്കെ നിർമ്മിച്ചതും ഡോക്യുമെന്റേഷൻ നടത്തിയതും സംപ്രേഷണം നടത്തിയതും ബഹു. മന്ത്രിയുടെയും കെ.എസ്.ഇ.ബി.യുടെയും സോഷ്യൽ മീഡിയകൾക്ക് ചലന ദൃശ്യങ്ങൾ നൽകിയതും സ്പന്ദനം പരിപാടിയുടെ ബജറ്റുപയോഗിച്ചായിരുന്നു. സ്പന്ദനം പരിപാടി അവസാനിച്ചതിനാൽ അദാലത്തിനായി പ്രത്യേക ബജറ്റ് അനിവാര്യമാണെന്ന് പരാമർശം (2) പ്രകാരമുള്ള കുറിപ്പിലൂടെ ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

ഓരോ ജില്ലയിലും നടക്കുന്ന അദാലത്തിന്റെ ചിത്രീകരണം, ചിത്രസംയോജനം, ശബ്ദസന്നിവേശം, തിരക്കഥ, ഗ്രാഫിക്സ്, പകർപ്പെടുക്കൽ തുടങ്ങി വിവിധ ചെലവുകൾ പരമാവധി കുറച്ച് ബോർഡിനു തന്നെ ഇപ്പോൾ നടത്തുന്ന രീതിയിൽ നേരിട്ട് നിർവഹിക്കാവുന്നതാണ്. ഇതിനായി ഇത്തരം ജോലികളിൽ പ്രാവീണ്യമുള്ളതും ഇപ്പോൾ വിഷ്വൽ മീഡിയ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നതുമായ ശ്രീ. എസ്. സുബാഷിനെ ചുമതലപ്പെടുത്താവുന്നതാണ്.

ചിത്രീകരണം നടത്തിയ ശേഷം സോഷ്യൽ മീഡിയയ്ക്ക് പുറമെ ഒന്നോ രണ്ടോ ദൃശ്യ മാധ്യമങ്ങളിൽ സ്ലോട്ടുകൾ എടുത്ത് സംപ്രേഷണം നടത്താനും സാധിക്കും.

ചിത്രീകരണം, തിരക്കഥ, ശബ്ദസന്നിവേശം, ചിത്രസംയോജനം, ഗ്രാഫിക്സ്, പകർപ്പെടുക്കൽ തുടങ്ങി വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി ഇപ്പോൾ ചെയ്യുന്നതുപോലെ ആവശ്യാനുസരണമുള്ള തുക ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ മുൻകൂറായി എടുത്ത് വിവിധ ജോലികൾ തീർക്കുന്ന രീതി തുടരാവുന്നതാണ്. അദാലത്തിന്റെ ചിത്രീകരണത്തിനും ഡോക്യുമെന്ററി നിർമ്മാണത്തിനുമായി ഏകദേശം 1,75,000/- (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

14.01.2020-ലെ ഫുൾടൈം ഡയറക്ടർ ബോർഡിന്റെ യോഗത്തിൽ,

1) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടത്തുന്ന വൈദ്യുതി അദാലത്തിന്റെ പ്രചാരണത്തിനും.ഡോക്യുമെന്ററികളുടെ നിർമ്മാണത്തിനുമായി 1,75,000/- (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) അനുവദിക്കാൻ തീരുമാനിച്ചു.

2) മേൽപ്പറഞ്ഞ തുകയിൽ നിന്ന് അദാലത്തിന് മുമ്പേ നൽകാനുള്ള പ്രചാരണ ഉപാധികൾ എല്ലാ ജില്ലകളിലേക്കും അയയ്ക്കാൻ അനുമതി നൽകി.

3) ഡോക്യുമെന്റേഷൻ നടത്തിയ ശേഷം ഡോക്യുമെന്ററികൾ തയ്യാറാക്കി ഒന്നോ രണ്ടോ ചാനലുകളിൽ സംപ്രേഷണം നടത്തുന്നതിനുമായി ചാനലുകളുമായി ചർച്ച നടത്താനും അനുമതി നൽകി.

4) ഡോക്യുമെന്റേഷനും ഡോക്യുമെന്ററി നിർമ്മാണത്തിനും പ്രചാരണ ഉപാധികൾ തയ്യാറാക്കുന്നതിനും മറ്റ് സാങ്കേതിക ജോലികളുടെ മേൽനോട്ടത്തിനും വിഷ്വൽ മീഡിയ കോ-ഓർഡിനേറ്ററായി ശ്രീ. എസ്. സുബാഷിന്റെ സേവനം ഉപയോഗപ്പെടുത്താനും അനുമതി നൽകി.

5) ഡോക്യുമെന്റേഷൻ, ഡോക്യുമെന്ററി, അദാലത്തിന് മുമ്പേ നൽകാനുള്ള പ്രചാരണോപാധികൾ എന്നിവക്കുള്ള തുക മുൻകൂറായി എടുത്ത് ചെലവഴിക്കാൻ ചീഫ് പബ്ളിക് റിലേഷൻസ് ഓഫീസറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

ഈ തുക ബോർഡിന്റെ പൊതുഭരണ ചെലവിൽ വകയിരുത്തേണ്ടതാണ്.

ഫുൾടൈം ഡയറക്ടർ ബോർഡിന്റെ
ഉത്തരവിൻ പ്രകാരം
ഒപ്പ്/-
ലേഖ ജി
കമ്പനി സെക്രട്ടറി ഇൻചാർജ്ജ്

സ്വീകർത്താവ് : ചീഫ് പബ്ളിക് റിലേഷൻസ് ഓഫീസർ.

പകർപ്പ് :

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/ സെക്രട്ടറിയുടെ(ഭരണം) /ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(ഐ.റ്റി)/എ.ജി./ലീഗൽ ലെയ്സൺ ഓഫീസർ/ഫയൽ/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
സീനിയർ സൂപ്രണ്ട്